ഉത്തരം

(എ) ഇല്ല.

(ബി) സെബാസ്റ്റ്യൻ, പത്രോസ് എന്നിവരുടെ പേരിൽ ഒരു കരിംകുരങ്ങിനെ വെടിവെച്ചതിന് കേസ് എടുത്തിട്ടുണ്ട്.

(സി) കേസ് ഇപ്പോഴത്തെന്ന് വനം വകുപ്പിന്റെ അന്വേഷണത്തിലാണ്. ഇതിനു പുറമെ വിജിലൻസ് അന്വേഷണം വേണം എന്നു തോന്നുന്നില്ല.

പരപ്പാറ അണക്കെട്ടിന്റെ റിസർവോയറിൽ ജലം സംഭരിച്ചതുമൂലം നഷ്ടപ്പെട്ട വനവിഭവങ്ങൾ

141 [404] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലട ജലസേചനപദ്ധതിയിൽപ്പെട്ട പരപ്പാറ അണക്കെട്ടിന്റെ റിസർവോയറിൽ ജലം സംഭരിച്ചതുമൂലം എത്രലക്ഷം രൂപയുടെ മരങ്ങളാണ് വെള്ളത്തിനടിയിൽപ്പെട്ടിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ റിസർവോയറിൽ വെള്ളം സംഭരിക്കുന്ന വിവരം വനം വകുപ്പിന്റെ ശ്രദ്ധയിൽ ജലസേചനവകുപ്പ് എന്നാണ് പെടുത്തിയതെന്ന് വ്യക്തമാക്കാമോ;

(സി) വനംവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിൽ എന്തുകൊണ്ട് മരങ്ങൾ വെട്ടിമാറ്റുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചില്ല എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉദ്ദേശം 17 ലക്ഷം രൂപയുടെ മരങ്ങൾ ഭാഗികമായി വെള്ളത്തിൽ മുങ്ങിയിട്ടുണ്ട്.

(ബി) 8-2-1984-ൽ കല്ലട ഡാം എക്സിക്യൂട്ടീവ് എഞ്ചിനീയർ ഫ്ലഡ്ഗേറ്റ് നടത്തിയെന്ന് പറഞ്ഞെങ്കിലും അന്ന് അപ്രകാരം നടന്നില്ല. തുടർന്ന് 19-4-1985-ലെ കത്തുപ്രകാരം 24-4-1985-ൽ ഫ്ലഡ്ഗേറ്റ് നടത്തുന്നതാണ് എന്നറിയിച്ചു.

(സി) ഇട്ടിച്ചാണ്ടി എന്നൊരാളിന്റെ കൈവശാവകാശം സ്ഥാപിച്ചെടുക്കുന്നതിനുവേണ്ടി 1971 മുതൽ വിവിധ കോടതികളിലെ കേസുകളിൽപ്പെട്ട് "ഈറപ്പടപ്പ് എസ്റ്റേറ്റ്" എന്നറിയപ്പെടുന്ന 42 ഹെക്ടർ സ്ഥലത്താണ് ഈ മരങ്ങൾ നിൽക്കുന്നത്. കൊട്ടാരക്കര സബ് കോടതിയിലെ ഒ. എസ്. 14/71, ഒ. പി. 5210/83 (ഹൈക്കോടതി), എസ്. 32/77, ഒ. പി. 2660/85 എന്നീ കേസുകളിൽ ഈ മരങ്ങൾ മുറിച്ചെടുക്കുന്നതിന് നിയമതടസ്സം സൃഷ്ടിച്ചിരിക്കുന്നു. ഒ. പി. 2660/85-ൽ 22-3-1985-ലെ ഹൈക്കോടതി ഉത്തരവുപ്രകാരം മരം മുറിക്കുന്നത് തടഞ്ഞിരുന്നു. 12-4-1985-ൽ ടി കേസിൽ ഹൈക്കോടതിയുടെ പ്രത്യേക ഉത്തരവുപ്രകാരമാണ് വനം വകുപ്പിനെ മരം മുറിക്കുവാൻ അനുവദിച്ചത്. അതനുസരിച്ച് 8-5-1985-ൽ "ഔട്ട് ടേൺ" സെയിൽ വച്ചെങ്കിലും ലേലം കൈക്കൊള്ളാൻ ആരും തയ്യാറാകാത്തിരുന്ന സാഹചര്യ

LIBRARY ARCHIVES Kerala Legislative Assembly

ത്തിലാണ് ഡിപ്പാർട്ടുമെൻറലായി വെട്ടിയിറക്കാൻ തീരുമാനിച്ചത്. അപ്രകാരം 138 മരങ്ങൾ ഇതിനകം വെട്ടി ഡിപ്പോയിൽ ഇറക്കിയിട്ടുണ്ട്.

സാമൂഹ്യവനവൽക്കരണപരിപാടിക്ക് 1982-83-ൽ ചെലവഴിച്ച സംഖ്യ

142 [406] ശ്രീ. എ. വി. താമരാക്ഷൻ:

,, കെ. ശങ്കരനാരായണപിള്ള:

,, എ. സി. ഷൺമുഖദാസ്:

,, കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യവനവൽക്കരണപരിപാടിയുമായി ബന്ധപ്പെട്ട് 1982-83-ലും 1985-86 ആഗസ്റ്റ് 28 വരെയും ചെലവഴിച്ച സംഖ്യ എത്ര;

(ബി) 1985 ആഗസ്റ്റ് 28 വരെ വിതരണം ചെയ്ത വൃക്ഷത്തൈകൾ എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1982-83-ൽ 115.99 ലക്ഷം രൂപ. 1985-86-ൽ 179.79 ലക്ഷം രൂപ (ജൂലൈ അവസാനം വരെ).

(ബി) 1985-86 ആഗസ്റ്റ് 10 വരെ 790.75 ലക്ഷം തൈകൾ വിതരണം ചെയ്തിട്ടുണ്ട്.

SOCIAL FORESTRY

143 [408] **Dr. A. Subba Rao**: Will the Minister for Forest be pleased to state:

(a) What is the total amount spent on Social Forestry this year upto 15th August 1985;

(b) How many hectares of land have been utilised for this purpose;

(1) in Govt. land;

(2) Private land;

(c) The number of saplings distributed category-wise;

(d) The number of saplings distributed to the private parties and organisations?

Answer

(a) Rs. 179.79 lakhs, upto July 1985.

(b) 530 hectares.

(c) Saplings distributed for planting in 16921 ha.—790 lakhs. (category-wise details are being collected)

(d) 790 lakhs.

LIBRARY ARCHIVES Kerala Legislative Assembly